ശ്രീ. ജോസഫ് മുണ്ടശ്ശേരി : ചില അനുകൂല്യങ്ങൾ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അത് അവരോട് പറഞ്ഞിട്ടുമുണ്ട്. അതു വിട്ടും ചില അനുകൂല്യങ്ങൾകൂടി തരണമെന്നാണ് അവർ പറഞ്ഞിട്ടുള്ളത്. വീണ്ടും ആലോചിക്കുന്നുണ്ട്.

മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങൾ

* 1288. [3] ശ്രീ. എൻ. ഇ. ബലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ജലസേചനവകുപ്പിൽ ആരംഭിച്ച എത്ര മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങൾ (ദേശീയ വികസന ബ്ലോക്കിലും, അല്ലാതിടങ്ങളിലും) ഇതിനകം മുഴുമിപ്പിച്ചിട്ടുണ്ട്;

(ബി) ബാക്കിയുള്ളത് എന്നു മുഴുമിപ്പിക്കാൻ സാധിക്കും?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൾ മജീദ്):

(എ) 117.

(ബി) ബാക്കിയുള്ളത് മിക്കവാറും ഈ വർഷത്തിൽതന്നെ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ മൈനർ ഇറിഗേഷൻ പ്രവർത്തനത്തിൽകൂടി ശ്രമദാനത്തിന്റെയിനത്തിൽ എത്ര കോടി രൂപയുടെ മൂല്യധനം ഉണ്ടായിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. അബ്ദുൾ മജീദ്: ഇപ്പോൾ അതിന്റെ കണക്കറിവില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ: ബാക്കി പ്രവർത്തനങ്ങൾ എത്രയുണ്ടെന്നു പറയാമോ?

ശ്രീ. ടി. അബ്ദുൾ മജീദ്: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ: എത്ര ശതമാനമുണ്ടെന്നു പറയാമോ?

ശ്രീ. ടി. അബ്ദുൾ മജീദ്: ബാക്കിയുള്ളതിന്റെ കണക്കറിയാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇ. പി. പൗലോസ് : ഈ പണികളുടെ എസ്റ്റിമേറിൽ വീണ്ടും എടുക്കാൻ ഉത്തരവു കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി അബ്ദുൾ മജീദ്: എസ്റ്റിമേറിൽ വല്ല പിശകുകളുണ്ടെങ്കിൽ തിരുത്തിയെന്നുവരും.

ശ്രീ. ഇ. പി. പൗലോസ് : ഈ എസ്റ്റിമേറെടുക്കുന്ന കാര്യത്തിൽ വളരെ കാലതാമസം വന്നുകൊണ്ടിരിക്കുകയാണെന്നറിയാമോ?

ശ്രീ. ടി. അബ്ദുൾ മജീദ്: കഴിയുന്നതും വേഗത്തിൽ തീർക്കാൻ ശ്രമിക്കുകയാണ്.

ശ്രീ. പൊന്നറ ശ്രീധർ : ഇതു വളരെ പ്രയോജനമായിട്ടുള്ള ചോദ്യമാണ്. ചോദ്യം എത്രയെണ്ണം തീർന്നിട്ടുണ്ട്; ബാക്കിയുള്ളത് എന്നു മുഴുമിക്കാൻ സാധിക്കും എന്നാണ്. ഇതിനു കൂടെക്കൂടെ വ്യക്തമായ ഒരു ഉത്തരം പറയാൻ സാധിക്കയില്ലേ?

Mr. Speaker: That depends upon so many factors and Government cannot say when the works will be actually completed.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പൊന്നറ ശ്രീധർ: ചോദ്യത്തിൽ ഇങ്ങനെ ഒരു സപ്ലിമെൻറി കച്ചിയോൻ വരുമെന്നറിയാവുന്നതല്ലേ?

ശ്രീ. കെ. ചന്ദ്രശേഖരൻ: ബാക്കിയുള്ളത് ഈ വർഷത്തിൽ മുഴുമിക്കാൻ സാധിക്കുമെന്നു പറഞ്ഞതു് എത്രയെണ്ണമെന്നറിയാതെയാണോ?

ശ്രീ. ടി. അബ്ദുറഹ്മാൻ: മുഴുമിക്കാൻ കഴിയുമെന്നു പറയാൻ എണ്ണം അറിയേണ്ട കാര്യമില്ല.

സ്ഥലസൗകര്യമില്ലാത്ത ഡിവിഷൻ ക്ലാസുകൾ.

* 1289. [4] ശ്രീ. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടി ഒന്നിനു് 8 സ്ക്വയർ ഫീറും, ക്ലാസൊന്നിനു് 400 സ്ക്വയർ ഫീറും സ്ഥലസൗകര്യമില്ലാത്തിടത്തു് മാർച്ചു് 31–നു് ശേഷം ഡിവിഷൻ ക്ലാസുകൾ അനുവദിക്കുന്നതല്ലെന്ന നിർദ്ദേശം മാനേജ്മെൻറ് സ്കൂളുകളിൽ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോഴാണു് ഈ കല്പന അയച്ചതു്;

(സി) ഇതിൻറെ ഫലമായി സ്ഥലസൗകര്യമില്ലാത്തവർ ഡിവിഷൻ ക്ലാസുകൾ അടച്ചിടുന്നതിൻറെ ഫലമായി ടീച്ചർമാരെ പിരിച്ചുവിടാൻ ഇടവരുമോ; പിരിച്ചുവിടലിനു് വിധേയരാകുന്നവർക്കു് വെക്കേഷൻകാലത്തെ ശമ്പളവും തൊഴിലും നഷ്ടപ്പെടാതെ കഴിക്കാൻ മുൻകൂതൽ നടപടികൾ എടുത്തിട്ടുണ്ടോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) അങ്ങനെ ഒരു പൊതു ഉത്തരവു പുറപ്പെടുവിച്ചിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

പ്രസ്സു് അക്രഡിറ്റേഷൻ കമ്മിറ്റി.

* 1290. [5] ശ്രീ. എം. ഗോപാലൻകുട്ടി നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേറ്റിലെ പ്രസ്സു് അക്രഡിറ്റേഷൻ കമ്മിറ്റികളും അതെക്കുറിച്ചുമാണു് പ്രാതിനിധ്യം കൊടുത്തിട്ടുള്ളതു്;

(ബി) ഈ കമ്മിറ്റി അംഗങ്ങളും ആരെല്ലാമാണു്;

(സി) ഈ കമ്മിറ്റിയെ പുനഃസംഘടിപ്പിക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ടോ;

(ഡി) ഇതിൽ മലബാർ ഭാഗത്തു് പത്രലേഖകസംഘത്തിനു് പ്രാതിനിധ്യം കൊടുത്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനെപ്പറ്റി പരിഗണിക്കുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുറഹ്മാൻ):

(എ) ഈ സ്റ്റേറ്റിലെ പ്രസ്സു് അക്രഡിറ്റേഷൻ കമ്മിറ്റിയിൽ കേരളത്തിലെ പത്രമുടമകൾക്കും പത്രലേഖക വിഭാഗത്തിനും തുല്യ പ്രാതിനിധ്യം കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly